# കേരള സർവകലാശാല

നം. പി.ആർ.217/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.പി.എ പ്രാക്ടിക്കൽ പരീക്ഷ

കേരള സർവകലാശാല ജൂലൈ– ൽ നടത്തിയ രണ്ടും നാലും സെമസ്റ്റർ മൃദംഗം പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 23 മുതൽ 27 വരെ ശ്രീ സ്വാതിതിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ(www.keralauniversity.ac.in) ലഭ്യമാണ്.

### ബി.കോം പ്രാക്ടിക്കൽ പരീക്ഷ

കേരള സർവകലാശാല ജൂലൈ– ൽ നടത്തിയ രണ്ടും നാലും സെമസ്റ്റർ കോമേഴ്സ് & ഹോട്ടൽ മാനേജ്മെന്റ് & കേറ്ററിംഗ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ ഒൻപതു മുതൽ 12 വരെ വർക്കല ശ്രീ നാരായണാ കോളേജ്, വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ(www.keralauniversity.ac.in) ലഭ്യമാണ്.

### യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്ക് ഹ്രസ്വകാല പരിശീലന പരിപാടി

കേരള സർവകലാശാലയിലെ യു.ജി.സി. ഹ്യൂമൺ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്ററിൽ ഒക്ടോബർ 30 മുതൽ നവംബർ നാല് വരെ യൂണിവേഴ്സിറ്റി/ കോളേജ് അദ്ധ്യാപകർക്കു വേണ്ടി റൂസയുടെ ധനസഹായത്തോടുകൂടി 'സ്റ്റുഡന്റ് കൗൺസിലിംഗ് ആന്റ് മെന്ററിംഗ്' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തുന്ന ഹ്രസ്വകാല പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാഫോറവും വിശദവിവരങ്ങളും www.ugchrdc.in വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷകൾ പ്രിൻസിപ്പാലിന്റെ സാക്ഷ്യപത്രത്തോടു കൂടി ദി ഡയറക്ടർ, യു.ജി.സി. ഹ്യൂമൺ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്റർ, ഗോൾഡൻ ജൂബിലി ബിൽഡിംഗ്, യൂണിവേഴ്സിറ്റി ഓഫ് കേരള, കാര്യവട്ടം –695581 എന്ന വിലാസത്തിൽ ഒക്ടോബർ 16 ന് മുൻപ് ലഭിക്കണം.

കേരള സർവകലാശാലയിലെ യു.ജി.സി. ഹ്യൂമൺ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്ററിൽ ഒക്ടോബർ 23 മുതൽ 28 വരെ യൂണിവേഴ്സിറ്റി/ കോളേജ് അദ്ധ്യാപകർക്കു വേണ്ടി റൂസയുടെ ധനസഹായത്തോടുകൂടി 'വിമൺ എംപവർമെന്റ്' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തുന്ന ഹ്രസ്വകാല പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാഫോറവും വിശദവിവരങ്ങളും www.ugchrdc.in വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷകൾ പ്രിൻസിപ്പാലിന്റെ സാക്ഷ്യപത്രത്തോടു കൂടി ദി ഡയറക്ടർ, യു.ജി.സി. ഹ്യൂമൺ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്റർ, ഗോൾഡൻ ജൂബിലി ബിൽഡിംഗ്, യൂണിവേഴ്സിറ്റി ഓഫ് കേരള, കാര്യവട്ടം –695581 എന്ന വിലാസത്തിൽ ഒക്ടോബർ 16 ന് മുൻപ് ലഭിക്കണം.

## പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം

കേരള സർവകലാശാല ഒക്ടോബർ 11 ന് തുടങ്ങുന്ന ബി.കോം (ആനുവൽ സ്കീം) പരീക്ഷയ്ക്ക് ഗവ: സംസ്കൃത കോളേജും, കരമന എൻ.എസ്.എസ് കോളേജും പരീക്ഷാ കേന്ദ്രങ്ങളായി അപേക്ഷിച്ചവർ പാളയം സെനറ്റ് ഹൗസ് ക്യാമ്പസിലുള്ള എസ്.ഡി.ഇ യിലും, പെരിങ്ങമല ഇക്ബാൽ കോളേജിൽ അപേക്ഷിച്ചവർ നെടുമങ്ങാട് ഗവൺമെന്റ് കോളേജിലും, കൊല്ലം എസ്.എൻ കോളേജിലെ പെൺകുട്ടികൾ ചാത്തന്നൂർ എസ്.എൻ കോളേജിലും, എഫ്.എം.എൻ കൊല്ലത്ത് അപേക്ഷിച്ചവർ കരുനാഗപ്പള്ളി എസ്.വി.ആർ കോളേജിലും, ചെമ്പഴന്തി എസ്.എൻ, മാർ ഇവാനിയോസ് എന്നീ കേന്ദ്രങ്ങളിലുള്ളവർ തിരുവനന്തപുരം എം.ജി കോളേജിലും ഹാജരായി ഹാൾടിക്കറ്റുകൾ കൈപ്പറ്റി പരീക്ഷയ്ക്ക് ഇരിക്കേണ്ടതാണ്. ഓൺലൈനിൽ അപേക്ഷിച്ചവർക്ക് ഹാൾടിക്കറ്റുകൾ ഡൗൺലോഡ് ചെയ്യാവുന്നതാണ്. എൽ.എസ്.ഇ കണ്ണൂർ, കാസർഗോഡ്, തൃശ്ശൂർ, മലപ്പുറം സെന്ററുകൾ ആവശ്യപ്പെട്ട വിദ്യാർത്ഥികൾ ചേർത്തല സെന്റ് മൈക്കൽ കോളേജിൽ ഹാജരാകേണ്ടതാണ്.

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2017
## സ്പോട്ട് അഡ്മിഷൻ
## 2017 ഒക്ടോബർ 09–ന് കോളേജ് തലത്തിൽ

കേരള സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ., എയ്ഡഡ്, സ്വാശ്രയ കോളേജുകൾ, യു.ഐ.ടി.കൾ, ഐ.എച്ച്.ആർ.ഡി.കോളേജുകൾ എന്നിവിടങ്ങളിലെ 2017–18–ലെ ഒന്നാം വർഷ ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള പ്രവേശനത്തിന് ഒക്ടോബർ 9–ാം തീയതി അതത് കോളേജുകളിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തും. രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 11 മണി വരെ ഹാജരാകുന്നവരെ മാത്രമേ പരിഗണിക്കുകയുള്ളൂ. നിശ്ചിതസമയത്തിനകം ഹാജരാകുന്ന വിദ്യാർത്ഥികളുടെ റാങ്ക് പട്ടിക തയ്യാറാക്കി ഉച്ചയ്ക്ക് 12 മുതൽ പ്രവേശനം നടത്തുന്നതാണ്. വിദ്യാർത്ഥികൾക്ക് നേരിട്ടോ ചുമതലപ്പെട്ട വ്യക്തി (നോമിനി) മുഖേനയോ സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്.

ആവശ്യമായ എല്ലാ അസൽ സർട്ടിഫിക്കറ്റുകളും (ടി.സി. ഉൾപ്പടെ) കൈവശമുള്ളവരെ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ. സംവരണ സീറ്റുകളിൽ പരിഗണിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ നോൺ–ക്രീമിലെയർ/ ജാതി തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കേണ്ടതാണ്. അസൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്ത പക്ഷം അവരെ സംവരണ സീറ്റുകളിലേയ്ക്ക് പരിഗണിക്കുന്നതല്ല. സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ അധിക സമയം അനുവദിയ്ക്കുന്നതല്ല.

ഓൺലൈൻ അപേക്ഷയിൽ ഗവ., എയ്ഡഡ് കോളേജുകളിലെ കോഴ്സുകൾ ഓപ്ഷനായി നൽകിയിട്ടുള്ള വിദ്യാർത്ഥികളെ മാത്രമേ സ്പോട്ട് അഡ്മിഷനുവേണ്ടി അതത് കോളേജുകളിൽ പരിഗണിക്കുകയുള്ളൂ. എന്നാൽ യു.ഐ.ടി.കളിലും സ്വാശ്രയ കോളേജുകളിലും ഓൺലൈൻ അപേക്ഷ സമർപ്പിച്ചവരെ പരിഗണിച്ച ശേഷം വരുന്ന ഒഴിവുകളിലേയ്ക്ക് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാത്തവരേയും ഓൺലൈൻ അപേക്ഷയിൽ ഓപ്ഷൻ നൽകാത്തവരേയും മാനേജ്മെന്റ് ക്വാട്ടയിലേയ്ക്ക് അപേക്ഷ സമർപ്പിച്ചവരേയും പരിഗണിക്കുന്നതാണ്.

എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് 840/– രൂപയും ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1525/– രൂപയുമാണ് സർവകലാശാല പ്രവേശന ഫീസ്.

പ്രവേശനം ലഭിച്ചാൽ ഉടൻ തന്നെ ഈ ഫീസ് ഒടുക്കേണ്ടതാണ്. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളുടേയും കൈവശം ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. പ്രിന്റൗട്ട് ഹാജരാക്കാത്ത ആരേയും പ്രവേശനത്തിന് പരിഗണിക്കുന്നതല്ല.
സ്പോട്ട് അഡ്മിഷനിൽ പരിഗണിക്കുന്ന ഒഴിവുകളുടെ വിവരം സർവകലാശാല അഡ്മിഷൻ പോർട്ടലിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും. ഒഴിവുകളുടെ വിശദാംശങ്ങൾ പരിശോധിച്ച ശേഷം മാത്രം അതത് കോളേജുകളിൽ ഹാജരാകേണ്ടതാണ്.

## എൽ.എൽ.ബി ഫലം

കേരള സർവകലാശാല 2016 സെപ്റ്റംബറിൽ നടന്ന രണ്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ/ബി.കോം/ബി.ബി.എ എൽ.എൽ.ബി പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്കും പുനർ മൂല്യനിർണ്ണയത്തിനും ഒക്ടോബർ 28 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ(www.keralauniversity.ac.in) ലഭ്യമാണ്.

തിരുവനന്തപുരം.
07.10.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ